**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 252** **13-07-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ തയ്യാറാക്കിയിട്ടുള്ള മികച്ച ഇ-ഗവേൺസ് സോഫ്റ്റ് വെയറിനുള്ള 3 ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഈ വർഷവും ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി പ്ലസ് വൺ പ്രവേശന പ്രക്രിയ പൂർത്തിയാക്കുന്നത്. |
| (ബി) | കഴിഞ്ഞ വർഷം അർഹരായ നിരവധി കുട്ടികളുടെ തുടർപഠനം പ്രതിസന്ധിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പര്യാപ്തമായ സീറ്റുകൾ അനുവദിച്ച് ഉടർ പഠനത്തിന് സൗകര്യം ഒരുക്കിയിട്ടുള്ളതിനാൽ പ്രതിസന്ധികളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഇഷ്ട വിഷയം പഠിക്കാനും പഠിച്ച വിദ്യാലയത്തിൽ തുടർപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവിടെ പ്രവേശനം ലഭ്യമാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഇഷ്ട വിഷയം ലഭിക്കുന്നതിന് റാങ്ക് നിർണ്ണയത്തിൽ അവരുടെ ഓപ്ഷനുകൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. അവർ പഠിച്ച വിദ്യാലയത്തിൽ പ്രവേശനം ലഭിക്കുന്നതിന് സഹായകമാകുന്നതിനായി 2 ബോണസ് പോയിന്റ് നൽകിയിരുന്നു. പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം ഈ വർഷം 2 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ അധിക സീറ്റുകളും അനുവദിച്ചിട്ടുള്ളതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ